ശ്രീ. ഉമ്മൻ ചാണ്ടി : ഞാൻ പറഞ്ഞു, '4-ാമത്തെ ചോദ്യമുണ്ട് ചോദിക്കൂ' എന്ന്. അന്നേരം പറഞ്ഞ മറുപടി എന്താണെന്നറിയാമോ; 'ഞങ്ങൾ ചോദിക്കേണ്ട ചോദ്യം ഏതാണെന്ന് മുഖ്യമന്ത്രി പറയേണ്ട' എന്നാണ്. അത് ശരിയല്ലേ ? പക്ഷേ നിങ്ങൾ ഇത്രയും ബഹളമുണ്ടാക്കിയ സമയത്ത് ഈ പ്രശ്നത്തെക്കുറിച്ച് ചർച്ച ചെയ്യാനുള്ള അവസരം നിങ്ങൾക്ക് കിട്ടിയിട്ടും അത് നിങ്ങൾ കളഞ്ഞു. നിങ്ങൾക്ക് ചോദ്യത്തിന് മറുപടിയല്ല വേണ്ടത്. മറിച്ച് ഇതുപോലെ ഒരു പുക മറയുണ്ടാക്കാൻ വേണ്ടിയുള്ള ശ്രമമാണ്. അത് നടക്കില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : ബഹുമാനപ്പെട്ട മുഖ്യമന്ത്രി, താങ്കൾ ഇങ്ങനെ ഇടപെട്ടത് നന്നായില്ല. പ്രശ്നത്തെ സംബന്ധിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ചതിനുശേഷം ബഹുമാനപ്പെട്ട സ്പീക്കറാണ് മറുപടി പറയേണ്ടത്. സ്പീക്കർ മറുപടി പറഞ്ഞതിനുശേഷം എന്തെങ്കിലുമുണ്ടെങ്കിൽ എടുത്താൽ മതി. അല്ലാതെ അൺസ്റ്റാർഡും സ്റ്റാർഡും തമ്മിലുള്ള വ്യത്യാസം ഇവിടെ പറഞ്ഞ് രക്ഷപ്പെടാൻ നോക്കേണ്ട.

## X. റൂളിംഗ്

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, അങ്ങേക്ക് അറിയാവുന്നതാണ്, സാധാരണ ഇതിന്റെ റൂളിംഗ് കഴിഞ്ഞാൽ പിന്നെ

11.45 AM] ചർച്ചയില്ല. ഏതായാലും ഞാൻ ഒന്നുപറയട്ടെ. ബഹുമാന്യനായ കോടിയേരി ബാലകൃഷ്ണൻ ഒരു ക്രമപ്രശ്നം നൽകിയിരുന്നു. അദ്ദേഹം അത് ഇവിടെ ഉന്നയിക്കുകയും ചെയ്തു. ഒരുകാര്യം ഞാൻ ആദ്യമേ പറയാം. ഇവിടെ ഈ സഭയിലെ അംഗങ്ങളുടെ ഒരു അവകാശത്തെയും ചെയർ തട്ടിയെടുക്കുകയില്ല. ചെയറിന്റെ ഉത്തരവാദിത്തം എന്നുപറയുന്നത് അംഗങ്ങളുടെ അവകാശങ്ങളെ സംരക്ഷിക്കുക എന്നുള്ളതാണ്. പക്ഷേ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് നിയമസഭാ ചട്ടങ്ങളും കീഴ്‌വഴക്കങ്ങളുമുണ്ട്. ചിലപ്പോൾ അതൊക്കെ വേവ് ചെയ്യേണ്ടിവരും. പക്ഷേ പൊതുവായ ചില സമീപനങ്ങളിൽ നിന്നും മാറിനിൽക്കുവാൻ നമുക്ക് സാദ്ധ്യമല്ല. സൗകര്യപ്രദമായി നമ്മൾ ചട്ടങ്ങളും കീഴ്‌വഴക്കങ്ങളും രണ്ട് ഭാഗത്തുമുള്ളവർ അങ്ങോട്ടുമിങ്ങോട്ടും മാറ്റിയാൽ സഭ നടത്തിക്കൊണ്ടുപോകാൻ ബുദ്ധിമുട്ടാകും. ഈ സഭ വരുന്ന വർഷങ്ങളിലേക്ക് തുടർന്നുപോകേണ്ടതാണ്. അതുകൊണ്ട് ദയവുചെയ്ത് ബഹുമാനപ്പെട്ട നേതാക്കന്മാർ അത് മനസ്സിലാക്കണമെന്നാണ് എനിക്ക് ഒരു അഭ്യർത്ഥനയുള്ളത്.

ഓർഡർ ...............ഓർഡർ. നക്ഷത്രചിഹ്നമിട്ട ചോദ്യമായി നോട്ടീസ് നൽകിയതുകൊണ്ടോ അംഗത്തിന് നറുക്കിൽ പ്രയോരിറ്റി കിട്ടിയതുകൊണ്ടോ മാത്രം ഒരു ചോദ്യം നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ പട്ടികയിൽ ഉൾക്കൊള്ളുകയില്ല. നക്ഷത്രചിഹ്നമിട്ടതും ഇടാത്തതുമായ ചോദ്യങ്ങൾ നൽകുന്ന എല്ലാ അംഗങ്ങളുടെയും പേര് പ്രയോരിറ്റി നിശ്ചയിക്കുന്ന നറുക്കിൽ ഉൾക്കൊള്ളിക്കാറുണ്ട്. കമ്പ്യൂട്ടർ മുഖേനയാണ് പ്രയോരിറ്റി നിശ്ചയിക്കുന്നത്. ഈ സമയം ചോദ്യങ്ങളുടെ അനുവദനീയത പരിശോധിക്കാറില്ല. പ്രയോരിറ്റി നിശ്ചയിക്കുന്നതിനുള്ള നറുക്കെടുപ്പിൽ അംഗങ്ങളുടെ പേരാണ് ഉൾപ്പെടുത്തുന്നത്. ചോദ്യങ്ങളല്ല. നറുക്കിനുശേഷം ഓരോ ചോദ്യത്തിന്റെയും

LIBRARY ARCHIVES Kerala Legislative Assembly

അനുവദനീയത നിയമസഭാ സെക്രട്ടേറിയറ്റ് പരിശോധിക്കും. നിയമസഭാ ചോദ്യം അനുവദിക്കുന്നത് നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 36(2)-ന്റെ (എ) മുതൽ (യു) വരെയുള്ള ഉപചട്ടങ്ങളുടേയും ചട്ടം 37-ലെയും നിബന്ധനയുടെ അടിസ്ഥാനത്തിലാണ്. നക്ഷത്രചിഹ്നമിട്ട ചോദ്യം നക്ഷത്രചിഹ്നമിടാത്ത ചോദ്യമായി ഏതൊക്കെ സാഹചര്യങ്ങളിൽ മാറ്റാം എന്ന് ഡയറക്ഷൻ നമ്പർ (1)-ൽ പരാമർശിക്കുന്നുണ്ട്. "കൗൾ & ശക്ധറിലും" ഇക്കാര്യത്തെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചശേഷം ഒരംഗം നോട്ടീസ് നൽകിയ ചോദ്യം അനുവദിക്കാതിരിക്കുന്നതിനോ ഭാഗികമായി അനുവദിക്കുന്നതിനോ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ പട്ടികയിലേക്ക് മാറ്റുന്നതിനോ ഉള്ള പൂർണ്ണമായ അധികാരം നിയമസഭാ നടപടി ചട്ടം 38(1), 39 എന്നിവ പ്രകാരം ചെയറിൽ നിക്ഷിപ്തമാണ്. ഈ അധികാരത്തെ ചോദ്യം ചെയ്യാവുന്നതല്ല.

ശ്രീ. എം. ഹംസയും ശ്രീ. എം.എ. ബേബിയും നോട്ടീസ് നൽകിയ ചോദ്യങ്ങളിലെ വിഷയങ്ങൾ കോടതികളുടെ പരിഗണനയിൽ ഇരിക്കുന്നവയാണ്. പ്രസ്തുത വിഷയങ്ങൾ സഭാതലത്തിൽ ഉന്നയിക്കുന്നത് സബ്ജൂഡിസ് ആയതിനാൽ അവ നക്ഷത്രചിഹ്നമിട്ട ചോദ്യമായി അനുവദിക്കാൻ കഴിയുകയില്ല.

'Questions seeking factual information on matters of subjudice or under investigation by statutory tribunals/other investigating agencies are usually transferred to the list of questions for written answers' എന്ന 'കൗൾ & ശക്ധറിലെ' പരാമർശത്തിന്റെ (പേജ് 481) അടിസ്ഥാനത്തിൽ നക്ഷത്രചിഹ്നമിടാത്ത ചോദ്യമായിട്ട് അവ അനുവദിക്കുകയാണ് ഉണ്ടായത്.

പന്ത്രണ്ടാം കേരള നിയമസഭയിൽ ഒന്നാമത്തേയും രണ്ടാമത്തേയും നറുക്കു കിട്ടിയ പല അംഗങ്ങളുടേയും നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ ചട്ടപ്രകാരം അനുവദിക്കാൻ കഴിയാത്ത സാഹചര്യത്തിൽ നക്ഷത്രചിഹ്നമിടാത്ത ചോദ്യമായി അനുവദിച്ചതായി രേഖകൾ പരിശോധിച്ചാൽ കാണാൻ കഴിയും. അന്ന് ഇപ്പോഴുണ്ടായ തരത്തിലുള്ള വിവാദങ്ങളൊന്നുമുണ്ടായില്ല. 29-6-2010-ൽ ശ്രീ. കെ. അച്ചുതനാണ് രണ്ടാമത്തെ ബാലറ്റ് കിട്ടിയത്. എന്നാൽ അദ്ദേഹം നൽകിയ നക്ഷത്രചിഹ്നമിട്ട ചോദ്യം നക്ഷത്രരഹിതമായിട്ടാണ് അനുവദിച്ചത്. 24-10-2010-ൽ ശ്രീ. സി. എഫ്. തോമസിനാണ് ഒന്നാമത്തെ നറുക്ക് കിട്ടിയത്. എന്നാൽ അദ്ദേഹത്തിന് നക്ഷത്രചിഹ്നമിട്ട നോട്ടീസ് ഇല്ലാതിരുന്നതിനാൽ ശ്രീ. എസ്. രാജേന്ദ്രന്റെ ചോദ്യമാണ് അന്ന് ആദ്യ ചോദ്യമായിവന്നത്. 23-12-2010-ൽ ശ്രീ. സി. ടി. അഹമ്മദ് അലിക്കാണ് രണ്ടാമത്തെ നറുക്ക് കിട്ടിയത്. അദ്ദേഹം ആറ് നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾക്ക് നോട്ടീസ് നൽകിയിരുന്നു. എന്നാൽ ചട്ടപ്രകാരം ഈ ചോദ്യങ്ങളൊന്നും നക്ഷത്രചിഹ്നമിട്ട ചോദ്യമായി അനുവദിക്കാതിരുന്നതിനാൽ അതെല്ലാം നക്ഷത്രരഹിത ചോദ്യമായിട്ടാണ് അനുവദിച്ചത്. മൂന്നാം നറുക്ക് കിട്ടിയ ശ്രീ. എം. എം. മോനായിയുടെ ചോദ്യമാണ് രണ്ടാമതായി ലിസ്റ്റിൽ വന്നത്. 30-12-2010-ൽ ആദ്യ നറുക്ക് കിട്ടിയത് ശ്രീ. എ. എ. അസീസിനായിരുന്നു. അദ്ദേഹം നക്ഷത്രചിഹ്നമിട്ട നോട്ടീസായി

LIBRARY ARCHIVES Kerala Legislative Assembly

അഞ്ചു ചോദ്യങ്ങൾ ഉന്നയിച്ചിരുന്നു. ചട്ടപ്രകാരം അതൊന്നും നക്ഷത്രചിഹ്നമിട്ട ചോദ്യമായി അനുവദിക്കാത്ത സാഹചര്യത്തിൽ ചോദ്യങ്ങൾ നക്ഷത്രരഹിത ചോദ്യങ്ങളായിട്ടാണ് അനുവദിച്ചത്. നാലാം നറുക്ക് കിട്ടിയത് ശ്രീ. എ.കെ. ശശീന്ദ്രനായിരുന്നു. അദ്ദേഹം നക്ഷത്രചിഹ്നമിട്ടതായി ചോദിച്ച ചോദ്യം നക്ഷത്രരഹിതമായിട്ടാണ് അനുവദിച്ചത്. 21-2-2011-ൽ രണ്ടാം നറുക്ക് കിട്ടിയത് ശ്രീ. എം. ഉമ്മറിനായിരുന്നു. അദ്ദേഹം നോട്ടീസ് നൽകിയ നാല് നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളും ചട്ടപ്രകാരം അപ്രകാരം അനുവദിക്കാൻ കഴിയില്ലായിരുന്നു. പ്രസ്തുത സാഹചര്യത്തിൽ നക്ഷത്രരഹിത ചോദ്യമായിട്ടാണ് അത് അനുവദിച്ചത്. മൂന്നാം നറുക്ക് കിട്ടിയത് ശ്രീ. ആര്യാടൻ മുഹമ്മദിനായിരുന്നു. നക്ഷത്ര ചിഹ്നമിട്ട നോട്ടീസായി അദ്ദേഹം നൽകിയ ചോദ്യം അപ്രകാരം അനുവദിക്കുകയുണ്ടായില്ല. നക്ഷത്രരഹിത ചോദ്യമായിട്ടാണ് അനുവദിച്ചത്. 22-2-2011-ൽ ശ്രീ. തോമസ് ചാഴികാടനായിരുന്നു ആദ്യ നറുക്ക് കിട്ടിയത്. അദ്ദേഹം നോട്ടീസ് നൽകിയ നാലു ചോദ്യങ്ങളും നക്ഷത്രരഹിത ചോദ്യമായിട്ടാണ് അനുവദിച്ചത്. നിയമസഭാ നടപടിച്ചട്ടം 45(3) അനുസരിച്ച് ചോദ്യോത്തര വേളയിൽ നിയമസഭാ ചോദ്യങ്ങളെ സംബന്ധിച്ചോ അതിനു നൽകിയ ഉത്തരങ്ങളെ സംബന്ധിച്ചോ യാതൊരുവിധ ചർച്ചയും അനുവദനീയമല്ല. ഈ വിഷയത്തിൽ വിവാദമുണ്ടാവുകയും മാധ്യമങ്ങളിൽ ഇക്കാര്യം ചർച്ച ചെയ്യുകയും ചെയ്തത് തികച്ചും ഖേദകരമാണ്. പൂർണ്ണമായും ചെയറിന്റെ അധികാരപരിധിയിലുള്ള ഒരു കാര്യത്തെക്കുറിച്ച് അനാവശ്യ വിവാദങ്ങൾ ഒഴിവാക്കേണ്ടതായിരുന്നു. ....(ബഹളം)..... പ്ലീസ്.... നോ ക്ലാരിഫിക്കേഷൻ. റൂളിംഗ് കഴിഞ്ഞു. നോ ക്ലാരിഫിക്കേഷൻ, absolutely no.

ഓർഡർ.... ഓർഡർ....... ബഹുമാനപ്പെട്ട മന്ത്രിമാരുടേയും സാമാജികരുടേയും അറിവിലേക്കായി ചില കാര്യങ്ങൾ പരാമർശിക്കണമെന്ന് ചെയർ കരുതുന്നു. വിവിധ സ്ഥലങ്ങളിൽ മന്ത്രിമാർ പങ്കെടുക്കുന്ന ഔദ്യോഗിക പരിപാടികളുടേയും സന്ദർശനങ്ങളുടേയും വിവരം ആ സ്ഥലങ്ങളിലെ അംഗങ്ങളെ അറിയിക്കുന്നില്ല എന്ന പരാതി ഗൗരവതരമായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മന്ത്രിമാർ വിവിധ ജില്ലകളിൽ ഔദ്യോഗിക സന്ദർശന പരിപാടികൾക്കെത്തുമ്പോൾ അതാത് സ്ഥലങ്ങളിലെ ബന്ധപ്പെട്ട നിയമസഭാ സാമാജികരെ അറിയിക്കേണ്ടതാണ്. മന്ത്രിമാർക്ക് തിരക്കുണ്ടെങ്കിൽ ബന്ധപ്പെട്ട സ്റ്റാഫ് അറിയിക്കേണ്ടതാണ്. നിയമസഭാ സമ്മേളനം നടക്കുന്ന ദിവസങ്ങളിൽ നിയമസഭാ സാമാജികർ പങ്കെടുക്കേണ്ട വിവിധ സർക്കാർ കമ്മിറ്റികളുടെ യോഗങ്ങൾ യാതൊരു കാരണവശാലും നടത്തരുതെന്ന് ബഹുമാനപ്പെട്ട മന്ത്രിമാർ ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകണം. എന്റെ മുൻഗാമികൾ ഇതിനുമുമ്പും ഇത്തരം റൂളിംഗ് നൽകിയിട്ടുണ്ടെങ്കിലും പലപ്പോഴും പാലിക്കപ്പെടാറില്ല. ഇത് ഒരു റൂളിംഗായിട്ട് എടുക്കുക.

LIBRARY ARCHIVES Kerala Legislative Assembly